LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഇതിന്റെ ഗുണം അവർക്ക് ലഭ്യമാവുകയില്ല. അതുകൊണ്ട് ഈ തുക അടിയന്തരമായി ലഭ്യമാക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഇന്ദിരാ ആവാസ് യോജന പ്രകാരം ഇപ്പോൾ രണ്ട് ലക്ഷം രൂപയാണ് കൊടുക്കുന്നത്. രണ്ട് ലക്ഷം രൂപയിൽ 70000 രൂപ സെൻട്രൽ ഗവൺമെന്റും 50000 രൂപ സ്റ്റേറ്റ് ഗവൺമെന്റും 40000 രൂപ ബ്ലോക്ക് പഞ്ചായത്തും 20000 രൂപ ജില്ലാ പഞ്ചായത്തും 20000 രൂപ ഗ്രാമപഞ്ചായത്തുമാണ് നൽകുന്നത്. ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് ഈ തുക 3 ലക്ഷമാക്കിയിട്ടുണ്ട്. 3 ലക്ഷം കിട്ടുമെന്ന ധാരണയിൽ എസ് സി./എസ് ടി. വിഭാഗക്കാർ ഐ.എ.വൈ. പദ്ധതിയിൽ അപേക്ഷിക്കുന്നില്ല. എന്നാൽ പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പ് വർദ്ധിപ്പിച്ച തുക നൽകുന്നുമില്ല. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ച് 3 ലക്ഷം രൂപയാക്കണം. അല്ലെങ്കിൽ ഈ പദ്ധതി പൊളിഞ്ഞു പോകും. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, എസ് സി വിഭാഗത്തിന് മൂന്ന് ലക്ഷവും എസ് ടി. വിഭാഗത്തിന് രണ്ടരലക്ഷവുമാണ്. അങ്ങ് പറഞ്ഞതുപോലെ എസ് സി. വിഭാഗത്തിന് 3 ലക്ഷമാക്കിയതുകൊണ്ട് അപേക്ഷകർ ഐ.എ.വൈ. ഓപ്റ്റ് ചെയ്യുന്നില്ല. ഈ തുക യൂണിഫോമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

10.37 AM]

IV സബ്മിഷൻ

(1) ടെലിവിഷൻ ചാനലുകളിലെ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ടെലിവിഷൻ ചാനലുകളിലെ മാധ്യമപ്രവർത്തകരടക്കമുള്ള ജീവനക്കാർക്ക് മാസങ്ങളായി ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കാത്തതുമൂലം വലിയ കഷ്ടതകൾ അനുഭവിക്കുകയാണ്. കേരളത്തിലെ ആദ്യ മുഴുവൻ സമയ വാർത്താ ചാനലായ ഇന്ത്യാ വിഷൻ മാധ്യമ പ്രവർത്തകർക്ക് ശമ്പളം നൽകിയിട്ട് മൂന്ന് മാസം കഴിയുന്നു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറാണ് ഈ ചാനലിന്റെ സ്ഥാപക ചെയർമാൻ. മന്ത്രിക്കും കുടുംബത്തിനും ഈ കമ്പനിയിൽ വലിയ പങ്കാളിത്തമുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്യുന്നത് സാമൂഹ്യനീതി വകുപ്പാണ് എന്നതാണ് ഏറെ രസകരം. ഇന്ത്യാ വിഷൻ മാത്രമല്ല, ടി.വി. ന്യൂസ് ചാനലിലെ സ്ഥിതിയും ഇതുതന്നെയാണ്. ഫോർത്ത് എസ്റ്റേറ്റ് എന്ന് വിളിക്കപ്പെടുന്ന മാധ്യമങ്ങളിലെ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുരവസ്ഥ സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. തൊഴിൽ വകുപ്പുമന്ത്രി തന്റെ മന്ത്രി സുഹൃത്ത് ഉൾപ്പെടെയുള്ളവരുടെ തൊഴിലാളി വിരുദ്ധ നടപടികൾ നിസ്സംഗതയോടുകൂടി കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നഗ്നമായ തൊഴിൽനിയമ ലംഘനം വ്യാപകമായി നടന്നു കൊണ്ടിരിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങളിലും കോർപ്പറേറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിന് സർക്കാർ തയ്യാറാകുന്നില്ല. തൊഴിലാളികളിൽനിന്ന് പിടിക്കുന്ന പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. ക്ഷേമനിധി വിഹിതം എന്നിവ കൃത്യമായി ബന്ധപ്പെട്ട വകുപ്പുകളിൽ അടയ്ക്കുന്നില്ല. ഇത് ഗുരുതരമായ കുറ്റമാണ്. ആയതിനാൽ അടിയന്തരമായി തൊഴിൽ വകുപ്പുമന്ത്രി മാധ്യമപ്രവർത്തകരുടെ കാര്യങ്ങളിൽ ഇടപെട്ട് അവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിയമപരമായി ജീവനക്കാരിൽ നിന്നും പിടിച്ചെടുത്ത തുക അടയ്ക്കാതിരിക്കുന്ന ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സംസ്ഥാനത്തുള്ള ടെലിവിഷൻ ചാനലുകൾ വിവിധ മാനേജ്മെന്റുകളുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ടി ചാനലുകളിൽ മാധ്യമ പ്രവർത്തകരുൾപ്പെടെ വിവിധ തസ്തികകളിലായി ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ അവർക്ക് ശമ്പളവും ആനുകൂല്യവും ലഭിക്കുന്നില്ലെന്ന കാര്യം പ്രതിപക്ഷ നേതാവ് ഉന്നയിച്ചിരിക്കുകയാണ്. അദ്ദേഹം നോട്ടീസ് നൽകിയതിൽ വ്യക്തമായി ഒരു ചാനലിനെയും പരാമർശിച്ചിരുന്നില്ല. പൊതുവായിട്ടാണ് പറഞ്ഞിരുന്നത്. സഭയിലാണ് അദ്ദേഹം ചാനലിന്റെ പേര് പറഞ്ഞത്. ശമ്പളവും ആനുകൂല്യങ്ങളും കൃത്യമായി നൽകുന്ന മാനേജ്മെന്റുകൾ നിലവിലുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ എല്ലാ മാനേജ്മെന്റുകളെയും കുറ്റപ്പെടുത്താൻ സാധിക്കുകയില്ല. ദൃശ്യ മാധ്യമങ്ങളുടെ മാനേജ്മെന്റുകളുടെമേൽ നിലവിലുള്ള ചട്ടപ്രകാരം സംസ്ഥാന ഗവൺമെന്റിന് പരിമിതമായ നിയന്ത്രണങ്ങളേയുള്ളൂ. ദൃശ്യമാധ്യമങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാതിരിക്കുക എന്നത് നിർഭാഗ്യകരമാണ്. സർക്കാരിന് ഈ വിഷയത്തിൽ ഇടപെടാൻ പരിമിതികളുണ്ടെങ്കിലും അങ്ങ് സഭയിൽ ഉന്നയിച്ച ബന്ധപ്പെട്ട ചാനലുകളുടെ പേരു വിവരങ്ങൾ തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.